(സി) ഇതിനായി ജലസേചന വകുപ്പിലെ ഉദ്യോഗസ്ഥർക്ക് അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ ടെക്നിക്കൽ സാങ്ഷൻ തുടങ്ങിയവയിൽ അധികാര പരിധി നിശ്ചയിച്ച് നൽകിയിട്ടുണ്ട്. ആയതിന്റെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.* അതുപോലെ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ 14-9-1999-ലെ നടപടിക്രമം നമ്പർ KWA/HO/WN/33/97 പ്രകാരം അധികാര വികേന്ദ്രീകരണത്തെ കുറിച്ചുള്ള വിശദമായ ഉത്തരവിറക്കുകയും ആയതിൻപ്രകാരം നടപടിക്രമങ്ങൾ പാലിച്ചു വരികയും ചെയ്യുവരുന്നു.

മലമ്പുഴ ജലസേചന പദ്ധതിയുടെ പുറമ്പോക്ക് ഭൂമി പാലക്കാട് മേഴ്സി കോളേജിന് വിട്ടുനൽകൽ

119 (4922) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലമ്പുഴ ജലസേചന പദ്ധതിയുടെ പുറമ്പോക്ക് ഭൂമി പാലക്കാട് മേഴ്സി കോളേജിന് കൈമാറുന്നത് സംബന്ധിച്ച് ജലസേചന വകുപ്പിന്റെ കൈവശമുള്ള 2689/ഐ. ആർ./2012/ഡബ്ല്യു.ആർ., 3692/ഐ. ആർ./2014/ഡബ്ല്യു.ആർ. എന്നീ ഫയലുകളിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ; പ്രസ്തുത ഫയലുകളിന്മേൽ തീർപ്പു കൽപ്പിച്ചിട്ടുണ്ടോ എന്നറിയിക്കാമോ ;

(ബി) പ്രസ്തുത ഭൂമി മേഴ്സി കോളേജ് അധികാരികൾ ജലസേചന വകുപ്പിന് വിട്ടുതന്നിട്ടുള്ളതും ഇപ്പോൾ പുറമ്പോക്ക് ഭൂമിയായി കിടക്കുന്നതുമാണെന്ന വസ്തുത റവന്യൂ അധികാരികൾ അറിയിച്ചിട്ടുണ്ടോ ; ഈ ഭൂമി കൈമാറുന്നതിനുള്ള പ്രധാന തടസ്സം വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) മലമ്പുഴ ജലസേചന പദ്ധതിയുടെ പുറമ്പോക്ക് ഭൂമി പാലക്കാട് മേഴ്സി കോളേജിന് പാട്ടത്തിന് നൽകുന്ന വിഷയം ജലസേചന വകുപ്പിന്റെ 26589/ ഐആർ1/2012/ജവിവ നമ്പർ ഫയലിലാണ് കൈകാര്യം ചെയ്തത്. ജലവിഭവ വകുപ്പിന്റെ 2014-ലെ 3692 എന്ന തപാൽ ഈ ഫയലിന്റെ ഭാഗമാണ്. ഭൂമി പാട്ടത്തിന് നൽകാൻ ആക്ഷേപമില്ല എന്നറിയിച്ചുകൊണ്ട് ഈ ഫയൽ റവന്യൂ വകുപ്പിലേയ്ക്ക് കൈമാറിയിട്ടുണ്ട്. ആവശ്യം റവന്യൂ വകുപ്പിൽ 21214/എൽ1/2014/ റവ. നമ്പർ ഫയലിൽ പരിഗണിച്ചുവരികയാണ്. പ്രസ്തുത ഭൂമി മേഴ്സി കോളേജ് അധികാരികൾ ജലസേചനവകുപ്പിന് വിട്ടുനൽകിയിട്ടുള്ളതാണെന്ന് ജലവിഭവ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പിനെ അറിയിക്കുന്ന റവന്യൂ രേഖകൾ ലഭ്യമായി കാണുന്നില്ല. മേഴ്സി കോളേജ് അധികൃതർ പാട്ടത്തിന് ആവശ്യപ്പെട്ട സ്ഥലത്ത് കാലാകാലങ്ങളായി നിരവധി കയ്യേറ്റങ്ങളും കുടിയിരുപ്പുകളുമുണ്ട്. പരിസരവാസികളും കയ്യേറ്റക്കാരും രാഷ്ട്രീയ പാർട്ടികളും ടി സ്ഥലം പാട്ടത്തിന് നൽകരുതെന്നാവശ്യപ്പെട്ട് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ടി കയ്യേറ്റം ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ക്രമസമാധാന പ്രശ്നങ്ങൾക്ക് സാധ്യതയുണ്ട്. റവന്യൂ സർവേയറും ജലസേചന വകുപ്പ് അധികൃതരും സംയുക്തമായി ടി സ്ഥലം കേരള ഭൂസംരക്ഷണ നിയമപ്രകാരം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പൈപ്പ് പോളിസി

120 (4923) ശ്രീ. ഹൈബി ഈഡൻ.:
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൈപ്പ് പോളിസിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പൈപ്പ് പോളിസി 5-11-2013-ൽ നിലവിൽവന്നു.

(ബി) മുൻകാലങ്ങളിൽ ശുദ്ധജലവിതരണ പദ്ധതികളിൽ സംഭവിച്ച പൈപ്പുപൊട്ടലുകൾ വിശകലനം ചെയ്ത് വിവിധ ആവശ്യങ്ങൾക്ക് ഏറ്റവും അനുയോജ്യമായ പൈപ്പുകളുടെ മെറ്റീരിയൽ തെരഞ്ഞെടുക്കുന്നതിന് ഏകീകരണം നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് പൈപ്പ് പോളിസി രൂപീകരിച്ചത്. ശുദ്ധജല/സ്വീവറേജ് പദ്ധതികൾക്കായി ഉപയോഗിക്കുന്ന വിവിധതരം പൈപ്പുകളുടെ ഗുണങ്ങളെയും ദോഷങ്ങളെയും പറ്റിയുള്ള വിവരങ്ങളാണ് പൈപ്പ് പോളിസിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഓരോ സാഹചര്യത്തിനനുസരിച്ചുള്ള ഏറ്റവും യുക്തമായ പൈപ്പ് തെരഞ്ഞെടുക്കുകയെന്നതാണ് ഇതിന്റെ ലക്ഷ്യം.

(സി) പൈപ്പ് പോളിസി കേരള വാട്ടർ അതോറിറ്റിയുടെ എല്ലാ ഓഫീസുകളിലും ബുക്ക് രൂപത്തിൽ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ വാട്ടർ

LIBRARY ARCHIVES Kerala Legislative Assembly